# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ**: 0466 2212279 **ഇമെയിൽ**: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 38/2021 (വെള്ളിയാഴ്ച)** **തീയ്യതി:14.05.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 15.05.2021 | 16.05.2021 | 17.05.2021 | 18.05.2021 | 19.05.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 90 | 30 | 40 | 20 | 18 |
| ഉയർന്ന താപനില (°C) | 34 | 34 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 10 | 10 | 10 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 250 | 250 | 250 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 35°C വരെയും കുറഞ്ഞ താപനില 25°C വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**: നടീലിനായി കൃഷിയിടങ്ങൾ ഒരുക്കുമ്പോൾ കൃത്യമായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കുക. വരണ്ട അഥവാ തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം സ്പ്രേയിങ്ചെയ്യുക. കൃഷിയിടങ്ങളിൽ വെള്ളം പൂർണമായും വാർത്തുകളഞ്ഞതിനുശേഷം മാത്രം വളങ്ങൾ ഇട്ടുകൊടുക്കുക

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | വളപ്രയോഗം | തെങ്ങ് ഒന്നിന് 25 കിലോ ജൈവവളം ഓരോവർഷവും ചേർത്ത് കൊടുക്കണം .അമ്ലാംശം കൂടുതൽ ഉള്ള മണ്ണിൽ വളപ്രയോഗത്തിനു രണ്ടാഴ്ച മുമ്പ് കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് ചേർത്ത് കൊടുക്കണം .ആദ്യ വളപ്രയോഗം ഏപ്രിൽ ജൂൺ മാസത്തിൽ ആണ് നടത്തേണ്ടത് .<br><br>ഒരു വർഷം പ്രായമായ ഒരു തെങ്ങിന് -യൂറിയ 120 ഗ്രാം ,റോക്ഫോസ്ഫേറ്റ് -197 ഗ്രാം ,മ്യുറേറ്റ് ഓഫ് പൊട്ടാഷ് -222 ഗ്രാം എന്ന തോതിൽ കൊടുക്കാം<br><br>രണ്ട് വർഷം പ്രായമായ തെങ്ങ് ഒന്നിന് - യൂറിയ 241 ഗ്രാം ,റോക്ഫോസ്ഫേറ്റ് -394 ഗ്രാം ,മ്യുറേറ്റ് ഓഫ് പൊട്ടാഷ് -445 ഗ്രാം എന്ന തോതിൽ കൊടുക്കാം<br><br>മൂന്ന് വർഷം മുതലുള്ള തെങ്ങ് ഒന്നിന് - യൂറിയ 360 ഗ്രാം ,റോക്ഫോസ്ഫേറ്റ് -592 ഗ്രാം ,മ്യുറേറ്റ് ഓഫ് പൊട്ടാഷ് -668 ഗ്രാം എന്ന തോതിൽ കൊടുക്കാം |

| | | |
|---|---|---|
| | കൂമ്പുചീയൽ രോഗം | മഴക്കാലത്തു തെങ്ങിൽ കൂമ്പുചീയൽരോഗം വരാൻ സാധ്യതയുള്ളതിനാൽ ട്രൈക്കോഡെർമ വേപ്പിൻപിണ്ണാക്ക്കേക്ക് 3 എണ്ണം വീതം കൂമ്പോലക്കയ്ക്ക്ചുറ്റുമുള്ള ഇലക്കവിളുകളിൽ വച്ച്കൊടുക്കുക. അല്ലെങ്കിൽ 3 ഗ്രാം കോപ്പർഓക്സിക്ലോറൈഡ് ഒരുലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി തളിക്കുക |
| കന്നുകാലികൾ | | കൊതുകു മുട്ട ഇട്ടു പെരുകുന്നത്തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി വയ്ക്കാനും, വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക. ചാണക കുഴികളിൽ മഴ നേരിട്ടുവീഴാതെ മൂടി വയ്ക്കുക |
| കോഴി | | മഴക്കാലത്തു താരതമ്യേന പകൽ വെളിച്ചം കുറവായതു കൊണ്ട്മുട്ടകോഴികളിൽ മുട്ട ഉത്പാദനം കുറയാൻ സാധ്യതയുണ്ട്. ആയതിനാൽ, വെളിച്ചത്തിനായി ഫ്ലൂറസെൻറ്ലൈറ്റുകൾ ഇട്ടു ദിവസവും 16 മണിക്കൂർ എന്നതോതിൽ വെളിച്ചം നൽകണം |